ശ്രദ്ധക്ഷണിക്കൽ

## മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ

ശ്രീ എം. ഉമ്മർ: സർ, സംസ്ഥാനത്ത് ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന മനോരോഗ പുനരധിവാസകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ട തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകത യിലേയ്ക്ക് ശ്രദ്ധ കൊണ്ടുപോകുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നത്. സംസ്ഥാനത്ത് പുതിയ ഗവൺമെന്റ് വന്നതിനുശേഷം, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് ആരോഗ്യരംഗത്ത് പുതിയ പരിഷ്ക്കാരങ്ങളും പുതിയ പദ്ധതികളും ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞി ട്ടുണ്ട് എന്നുള്ളത് ഞാൻ അഭിമാനപൂർവ്വം ഓർമ്മിക്കുകയാണ്. ശാരീരിക ആരോഗ്യത്തെ അപേക്ഷിച്ച് മാനസിക ആരോഗ്യത്തിന് വളരെക്കുറച്ച് പ്രാധാ ന്യമാണ് നൽകുന്നത്. 2011-ലെ സി & എ.ജി യുടെ പെർഫോമൻസ് ഓഡിറ്റ് പ്രകാരം സംസ്ഥാന ജനസംഖ്യയുടെ 5.86% പേർക്ക് മാനസികാസ്വാസ്ഥ്യം ഉള്ളതായിട്ടാണ് കണക്കാക്കുന്നത്. ദേശീയ ശരാശരി 2% ആണെന്നിരിക്കെ കേരളത്തിലെ ഈ മേഖലയിലെ സ്ഥാനം ആശങ്കാജനകമാണ്. ആത്മഹത്യാ നിരക്കെടുത്ത് നോക്കുകയാണെങ്കിൽ ദേശീയ തലത്തിൽ ഒരു ലക്ഷത്തിൽ 11.2 പേർ ആണെങ്കിൽ കേരളത്തിൽ അത് 29.7 ആണ് എന്നുപറഞ്ഞാൽ ആത്മഹത്യാ നിരക്ക് ദേശീയ ശരാശരിയേക്കാൾ രണ്ടിരട്ടി കൂടുതലാണ്. മദ്യ പാനം, കുടുംബ ബന്ധങ്ങളിലെ ശിഥിലത, ഉയർന്ന തൊഴിലില്ലായ്മനിരക്ക്, ആഗ്രഹപൂർത്തീകരണത്തിന്റെ പരാജയം തുടങ്ങിയ കാരണങ്ങൾ മുഖേന മനോരോഗികളായി മാറുന്നവരെ പൊതുജന മനോഭാവം, കുടുബാംഗങ്ങ ളുടെ അവഗണന, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കൂടു

തൽ രോഗികളാക്കി മാറ്റുകയാണ് ചെയ്യുന്നത്. 2012 ജനുവരിയിൽ തൃശ്ശൂർ ജില്ലയിലെ **ആവന്നൂർ** പഞ്ചായത്തിലുണ്ടായിരുന്ന അനധികൃത മനോരോഗ കെയർ ഹോമിലെ അന്തേവാസികളുടെ പരിതാപകരമായ അവസ്ഥ പുറം ലോകം അറിഞ്ഞതോടുകൂടി സർക്കാർ എല്ലാ മനോരോഗ കേന്ദ്രങ്ങൾക്കും നേഴ്സിംഗ് ഹോമുകൾക്കും പുനരധിവാസ കേന്ദ്രങ്ങൾക്കും ലൈസൻസ് നിർബന്ധമാക്കണമെന്ന വ്യവസ്ഥ കൊണ്ടുവരികയും അങ്ങനെ താഴെ പറയുന്ന രണ്ട് ചട്ടങ്ങൾ ഇതിനായി പുറപ്പെടുവിക്കുകയും ചെയ്തു. 2012-ലെ Kerala State Mental Health Rules, Kerala Registration of Psycho-Social Rehabilitation Centers of Mentally Ill Persons Rule. ഈ രണ്ട് റൂളുകളും 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽപ്പോലും അത് ഫലപ്രദമായി നടപ്പിലാക്കു ന്നുണ്ടോ എന്ന് പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥി ക്കുകയാണ്. സർക്കാർ മേഖലയിൽ മൂന്ന് കേന്ദ്രങ്ങളിലായി 1342 രോഗികളെ ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങൾ മാത്രമേ സംസ്ഥാനത്ത് നില നിൽക്കുന്നുള്ളൂ. എന്നാൽ സ്വകാര്യമേഖലയിലും നന്നായി പ്രവർത്തിക്കുന്ന ഒട്ടേറെ ആരോഗ്യ കേന്ദ്രങ്ങൾ ഉണ്ട് എന്നുള്ളതും ഒരു വസ്തുതയാണ്. ഇത്തരം അപര്യാപ്തത പരിഹരിക്കുന്നതിന് അനുവദിച്ച 1.83 കോടി രൂപ യുടെ കേന്ദ്രസഹായം വേണ്ട രീതിയിൽ ഉപയോഗിച്ചിട്ടില്ല എന്ന് ബഹുമാന പ്പെട്ട ഹൈക്കോടതിയുടെ ഒരു പരാമർശം ഉണ്ടായത് ഞാൻ ഈ സന്ദർഭ ത്തിൽ ഓർക്കുകയാണ്.

കൂടാതെ, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന് 2010-ൽ അനുവദിച്ച 2.5 കോടി രൂപയിൽ 1.39 കോടി രൂപ മാത്രമേ ചെലവഴിക്കാൻ

കഴിഞ്ഞിട്ടുള്ളൂ. ഇതിന് സമാനമായി തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് അനുവദിച്ച തുകയും ഇതുവരെ പൂർണ്ണമായും ചെലവഴിക്കാനോ ഉപയോഗപ്പെടുത്താനോ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുകയാണ്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ധാരാളം മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇത്തരം കേന്ദ്രങ്ങൾക്ക് മെന്റൽ ഹെൽത്ത് റൂൾസ് പ്രകാരമോ കേരളാ രജിസ്ട്രേഷൻ ഓഫ് സൈക്കോ-സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റേഴ്സ് ഓഫ് ഇൽ പേഴ്സൺസ് റൂൾസ് പ്രകാരമോ ലൈസൻസ് ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള 200-ലധികം മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വളരെ പരിമിതമായ സ്ഥലത്ത് ഉൾക്കൊള്ളാവുന്നതിലധികം രോഗികളെയാണ് ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പാർപ്പിച്ചിരിക്കുന്നത്. രോഗികളെ കുത്തിനിറച്ച് തീരെ സൗകര്യമില്ലാത്ത രീതിയിൽ പാർപ്പിച്ചിരിക്കുന്ന കേന്ദ്രങ്ങളുമുണ്ട്. മാനസിക രോഗികളായ സ്ത്രീകൾ പലപ്പോഴും ലൈംഗിക ചൂഷണത്തിന് ഇരയാകുന്നതായി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ഇത്തരം രോഗികളിൽ നിന്നും അവയവക്കച്ചവടം നടത്തുന്നതായും പത്രങ്ങളിൽ വാർത്തയുണ്ട്. ലൈസൻസില്ലാത്ത ഇത്തരം കേന്ദ്രങ്ങൾ വിദേശ സഹായം നേടിയെടുക്കാൻ ശ്രമിക്കുന്നതായും മനസ്സിലാക്കുന്നുണ്ട്. അതിനാൽ ഇത്തരം കേന്ദ്രങ്ങളെ സംബന്ധിച്ച് ഒരു വിവരശേഖരണം നടത്തണം. സംസ്ഥാനത്ത് ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്രമാത്രം മാനസികാരോഗ്യ കേന്ദ്രങ്ങളും റിഹാബിലിറ്റേഷൻ കേന്ദ്രങ്ങളുമുണ്ട് എന്നുള്ളതും ഇത്തരത്തിൽ നല്ല നിലയ്ക്ക് പ്രവർത്തിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ട് എന്നുള്ളതും പരിശോധിക്കേണ്ടതാണ്. ഇത്തര

ത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കേണ്ട തുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേ ണ്ടതുമുണ്ട്. ഇങ്ങനെയുള്ള കേന്ദ്രങ്ങളിൽ നമ്മൾ തന്നെ നടപ്പിലാക്കിയിട്ടുള്ള റൂളിന്റെ അടിസ്ഥാനത്തിലുള്ള മിനിമം റിക്വയർമെന്റെങ്കിലും ഉറപ്പുവരുത്തു വാനുള്ള ബാധ്യത നമുക്കുണ്ട്. അതുപോലെതന്നെ ഡോക്ടർമാരുടെയും മനോരോഗ വിദഗ്ധന്മാരുടെയും സേവനങ്ങൾ ഇങ്ങനെയുള്ള കേന്ദ്രങ്ങളി ലുണ്ടോ എന്നുള്ളതും പരിശോധിക്കേണ്ടതുണ്ട്. അശാസ്ത്രീയമായ രീതിയിൽ ചികിത്സിച്ച് കൂടുതൽ രോഗമുള്ളവരാക്കിത്തീർക്കുന്നതും വളരെ വൃത്തിഹീനമായ രീതിയിൽ പ്രവർത്തിക്കുന്നതുമായ കേന്ദ്രങ്ങളും ഇക്കൂട്ട ത്തിലുണ്ട്. ഇത്തരത്തിൽ ഇവയുടെ പ്രവർത്തനം നിയമപരിധിക്കുള്ളിൽ ക്രമീകരിച്ച് സംസ്ഥാനത്തെ മനോരോഗ പുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ മുഴുവൻ അടച്ചുപൂട്ടുക എന്നുള്ളതല്ല, ഇങ്ങനെയുള്ള ധാരാളം സ്ഥാപനങ്ങളിൽനിന്നും മാനസിക രോഗികളായ ആളുകൾക്ക് ചികിത്സ ലഭിക്കുന്നുണ്ട്. ഇത് ചട്ടത്തിന് വിധേയമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും അടിസ്ഥാനപര മായി വേണ്ട മിനിമം റിക്വയർമെന്റെങ്കിലും ഉറപ്പുവരുത്തുവാനുംവേണ്ട നട പടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മാനസികാരോഗ്യ രംഗത്ത് ഏറ്റവും പ്രാധാന്യത്തോ ടുകൂടിയാണ് ഗവൺമെന്റ് പ്രവർത്തിച്ചുവരുന്നത്. ഈ ഗവൺമെന്റ് വന്നതി നുശേഷം പഴയ മാനസികാരോഗ്യ നയം റിവൈസ് ചെയ്ത് പുതിയ മാനസി കാരോഗ്യ നയം പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി നമ്മുടെ മാനസികാരോഗ്യ കേന്ദ്രങ്ങൾക്കുവേണ്ടി നൂറോളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. തിരുവനന്ത പുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകി. അതിന്റെ പ്രവർത്തനങ്ങളു മായി മുന്നോട്ടുപോവുകയാണ്. സർക്കാർ അനുവദിച്ചിട്ടുള്ള തുക അനുസരി ച്ചുള്ള വികസനപ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും നടക്കുകയാണ്. തൃശ്ശൂരിൽ ഫോറൻസിക് വാർഡിന്റെ ഉദ്ഘാടനം ഫെബ്രുവരി മാസം 14-ന് നിർവ്വഹിക്കപ്പെടുകയാണ്. തിരുവനന്തപുരത്തും കോഴിക്കോടും ആവശ്യമാ യിട്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കുന്ന തിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്. ഈ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട എം. ഉമ്മർ ഇവിടെ ചൂണ്ടിക്കാണിച്ചത്. മാനസിക രോഗികളായ ആളുകളെ ചികിത്സയ്ക്കുശേഷം പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഏറ്റെടുക്കുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 1987-ലെ മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ച് മാനസികാരോഗ്യ മേഖലയിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ച ഏറ്റവും പ്രധാ നപ്പെട്ട പ്രശ്നം, ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന മനോരോഗ പുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നുള്ളതാണ്. 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 3, 4 പ്രകാരം മനോരോഗ പുനരധി വാസ കേന്ദ്രങ്ങളുടെ നിയന്ത്രണം സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി

യിലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഇത്തരം കേന്ദ്രങ്ങൾ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള ലൈസൻസ് നിർബന്ധമായും എടുത്തിരിക്കേണ്ടതായുണ്ട്. പ്രസ്തുത ആക്ടിനെ അടിസ്ഥാനപ്പെടുത്തി കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012–ൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാന സർക്കാർ 30–10–2011–ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 20–ൽ ഇത്തരം കേന്ദ്രങ്ങൾ പാലിക്കേണ്ടതായ നിബന്ധനകളും റൂൾ 22–ൽ ഇത്തരം കേന്ദ്രങ്ങൾക്ക് ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും നിഷ്ക്കർഷിച്ചിട്ടുണ്ട്. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ് ലൈസൻസിംഗ് അതോറിറ്റി. ഇത്തരം കേന്ദ്രങ്ങൾ ലൈസൻസിനായി അപേക്ഷ സമർപ്പിക്കണമെന്ന സർക്കുലർ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല കേന്ദ്രങ്ങളും ഇപ്പോഴും ലൈസൻസിന് അപേക്ഷിച്ചിട്ടില്ല. അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പലതിനും സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. ലൈസൻസിംഗിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ള സൈക്യാട്രിക് ഇൻസ്പെക്ടിംഗ് ഓഫീസർമാരാണ് ഈ കേന്ദ്രങ്ങളിൽ പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത്. പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങൾ നിയമാനുസൃതമായി ലഭ്യമാക്കിയിട്ടുള്ള നാല് സ്ഥാപനങ്ങൾക്ക് മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ചുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. ഒരു സ്ഥാപനത്തിനുകൂടി ലൈസൻസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പരിശോധനയിൽ അടിസ്ഥാന സൗകര്യമില്ലാത്ത സ്ഥാപനങ്ങൾക്ക് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി ആവശ്യമായ സമയം നൽകിയിട്ടും പല കേന്ദ്ര

ങ്ങളും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറായിട്ടില്ല. ഇത്തരം കേന്ദ്രങ്ങൾക്ക് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. പുനരധിവാസ കേന്ദ്രങ്ങൾക്ക് സുഗമമായി ഏർപ്പെടുത്താൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങൾ മാത്രമേ കേരളാ മെന്റൽ ഹെൽത്ത് റൂൾസ് 2012-ൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. കേരളാ രജിസ്ട്രേഷൻ ഓഫ് സൈക്കോ-സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റേഴ്സ് ഓഫ് മെന്റലി ഇൽ പേഴ്സൺസ് റൂൾ, 2012 എന്ന പേരിൽ സംസ്ഥാന സർക്കാർതന്നെ ഒരു വിജ്ഞാപനം 24-07-2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്, 1995 പ്രകാരം സാമൂഹ്യനീതി വകുപ്പാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾക്ക് പ്രവർത്തിക്കുവാൻ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള ലൈസൻസിനുപകരം പ്രസ്തുത റൂൾ 5 പ്രകാരമുള്ള രജിസ്ട്രേഷൻ മതിയാകുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് മെന്റൽ ഹെൽത്ത് ആക്ടിന് വിരുദ്ധമാണ്. സാമൂഹ്യനീതി വകുപ്പിന്റെ റൂൾസിന്റെ 16-ാം വകുപ്പിൽ അലഞ്ഞുതിരിയുന്ന മനോരോഗികളെ പുനരധിവാസ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയും മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അലഞ്ഞുതിരിയുന്ന രോഗികളെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ മെന്റൽ ഹെൽത്ത് ആക്ടിന്റെ സെക്ഷൻ 23-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം അലഞ്ഞുതിരിയുന്ന മാനസിക രോഗികളെ പോലീസ് ഏറ്റെടുത്ത് മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കുകയും ചെയ്യുന്നു. മജിസ്ട്രേറ്റിന്റെ ഉത്തരവുപ്രകാരം മാത്രമേ ചികിത്സാ കേന്ദ്രങ്ങളിൽ അഡ്മിറ്റ് ചെയ്യാൻ

കഴിയുകയുള്ളൂ. മാനസിക രോഗികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാനും അവരുടെ മനുഷ്യാവകാശം സംരക്ഷിക്കാൻ വേണ്ടിയുമാണ് മെന്റൽ ഹെൽത്ത് ആക്ട് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഈ ആക്ടിലെ ചില വകുപ്പുകളെ മറികടക്കുവാൻ സാമൂഹ്യനീതി വകുപ്പിന്റെ നോട്ടിഫിക്കേഷൻ ഇടയാക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പിന്റെ വിജ്ഞാപനം നിലവിൽ വന്നതോടുകൂടി മെന്റൽ ഹെൽത്ത് ആക്ടിന്റെയും റൂളിന്റെയും അടിസ്ഥാന പ്രകാരം അവശ്യംവേണ്ട സൗകര്യങ്ങൾ ലഭ്യമാക്കാത്തതിന്റെ പേരിൽ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയ പല സ്ഥാപനങ്ങളും തങ്ങൾക്ക് മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള ലൈസൻസ് ആവശ്യമില്ലെന്നും പകരം സാമൂഹ്യനീതി വകുപ്പിന്റെ നിയമം അനുസരിച്ചുള്ള രജിസ്ട്രേഷൻ മാത്രമേ ആവശ്യമുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. 1987-ലെ കേന്ദ്ര നിയമ പ്രകാരം ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച 31-10-2012-ലെ വിജ്ഞാപനവും സാമൂഹ്യനീതി വകുപ്പിന്റെ 1995-ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് അനുസരിച്ച് 24-07-2012-ൽ പുറപ്പെടുവിച്ച വിജ്ഞാപനവും ഒരേ സമയം നിലനിൽക്കുന്ന സാഹചര്യത്തിൽ ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഹെൽത്ത് സെക്രട്ടറിയുമായും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുമായും ഓരോ പ്രാവശ്യം ചർച്ച നടത്തി. ഇത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുകഴി

ഞ്ഞാൽ ഫലപ്രദമായി ഈ മേഖലയിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, ആരോഗ്യ വകുപ്പും സാമൂഹ്യനീതി വകുപ്പുമായി ഒരു കോ-ഓർഡിനേഷൻ ഇക്കാര്യത്തിലുണ്ടാക്കേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽത്തന്നെ വ്യക്തമാണ്. അത് വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യനീതി വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. റീഹാബിലിറ്റേഷൻ പ്രധാനമായും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് വരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അലഞ്ഞുതിരിഞ്ഞുനടക്കുന്ന മാനസിക രോഗികൾ, അവരോട് ചോദിച്ചാൽ പേരോ അഡ്രസ്സോ ഒന്നും അറിയാൻ കഴിയില്ല. ഇങ്ങനെയുള്ള മാനസിക രോഗികളെ എവിടെ പുനരധിവസിപ്പിക്കണം, എവിടെ അഡ്മിറ്റ് ചെയ്യണം, പോലീസിൽ വിവരം അറിയിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്. ഇങ്ങനെയുള്ള കാര്യങ്ങളിൽ സാധാരണക്കാരായ ആളുകൾക്ക് വ്യക്തത വരുത്തുന്നതിനുവേണ്ടി ഓരോ ജില്ലാ ആസ്ഥാനത്തും ഒരു ഹെൽപ്പ് ഡെസ്ക്ക് തുടങ്ങുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും കൂടിച്ചേർന്ന് ശ്രമം നടത്തുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, സാമൂഹ്യനീതി വകുപ്പുമായിച്ചേർന്ന് ഒരു ഹെൽപ്പ് ഡെസ്ക്ക് സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

മി. സ്പീക്കർ: ഇവിടെ ഡിസ്റ്റിങ്ഗ്വിഷ്ഡ് വിസിറ്റേഴ്സ് ഗ്യാലറിയിൽ ഒരു ബഹുമാന്യനായ അതിഥിയുണ്ട്. കർണ്ണാടക ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. ഖാദർ. അദ്ദേഹത്തെ നമുക്ക് സ്വാഗതം ചെയ്യാം.

<u>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. എളമരം കരീം</u>: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. കേരളത്തിൽ കേന്ദ്ര പൊതുമേഖലാ നിക്ഷേപംതന്നെ വളരെ കുറവാണ്. നിലവിലുള്ളവ പ്രതിസന്ധി ആകുന്നതുമൂലം വലിയ പ്രയാസത്തെയാണ് നേരിടാൻ പോകുന്നത്. എഫ്.എ.സി.ടി. പുനരുദ്ധരിക്കുന്നതിന് ബി.ആർ.പി.എസ്.ഇ. (ബോർഡ് ഫോർ റീ–കൺസ്ട്രക്ഷൻ ഓഫ് പബ്ലിക് സെക്ടർ എന്റർപ്രൈസസ്) ശുപാർശ ചെയ്ത ഒരു പാക്കേജ് അംഗീകരിക്കണമെന്ന് വളരെക്കാലമായി ആവശ്യപ്പെടുന്നതാണ്. 991 കോടി രൂപയുടേതാണ് ആ പാക്കേജ്. ഈ പാക്കേജ് അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എല്ലാ തൊഴിലാളിസംഘടനകളും ചേർന്ന് എഫ്.എ.സി.ടി.–യുടെ മുമ്പിൽ അനിശ്ചിതകാലസമരം നടത്തിക്കൊണ്ടിരിക്കുകയാണ്. എൽ.എൻ.ജി വരുമ്പോൾ എഫ്.എ.സി.ടി.–യുടെ സംരക്ഷണം പ്രതീക്ഷിച്ചിരുന്നു. എൽ.എൻ.ജി.–ക്ക് ഒരു യൂണിറ്റിന് 24.35 ഡോളറാണ് വില. ആ വിലയ്ക്ക് എൽ.എൻ.ജി. എടുത്ത് എഫ്.എ.സി.ടി.–ക്ക് പ്രവർത്തിക്കാൻ സാധിക്കില്ല. ഇതിന്റെ മേൽ സംസ്ഥാന സർക്കാരിന് 14.5 ശതമാനം വാറ്റ് ഉണ്ട്. ആ നികുതി ഒഴിവാക്കി എൽ.എൻ.ജി.–യുടെ വില കുറയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് ട്രേഡ് യൂണിയനുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് ആവശ്യപ്പെട്ടിരുന്നു. അനുഭാവപൂർവ്വം പരിഗണക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഇന്ന് ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ നിലപാട്

വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിനുപുറമെ ഇറക്കുമതി ചെയ്യുന്ന എൽ.എൻ.ജി.-യുടെ മേൽ 5.1 ശതമാനം കസ്റ്റംസ് ഡ്യൂട്ടിയുമുണ്ട്. ദേശീയ അടിസ്ഥാനത്തിൽ നോക്കിയാൽ 4.2 ഡോളർ മുതൽ 10 ഡോളർ വരെയാണ് മറ്റു സംസ്ഥാനങ്ങളിൽ എൽ.എൻ.ജി. ഈടാക്കുന്ന വില. മാത്രമല്ല നമ്മുടെ രാജ്യത്തുനിന്നും ഖനനം ചെയ്യുന്ന എൽ.എൻ.ജി.-യുടെ വിഹിതത്തിൽ ന്യായമായും കേരളത്തിന് അവകാശമുണ്ട്. അത് ഇന്നുവരെ അനുവദിക്കപ്പെട്ടിട്ടില്ല. ഉയർന്ന വിലയ്ക്ക് എൽ.എൻ.ജി. എടുത്ത് ഭീമമായ നഷ്ടത്തിൽ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ എഫ്.എ.സി.ടി. എൽ.എൻ.ജി.-യുടെ ഉപഭോഗം നിർത്തിവച്ചിരിക്കുകയാണ്. ഇതുകൊണ്ട് സംഭവിക്കുന്നത് വളരെയേറെ കൊട്ടിഘോഷിച്ച് ഉദ്ഘാടനം ചെയ്ത പുതുവൈപ്പിൻ എൽ.എൻ.ജി. ടെർമിനലിന്റെ പ്രവർത്തനംതന്നെ അവതാളത്തിലാകാൻ പോകുകയാണ്. ഇപ്പോൾ 8 ശതമാനം ഉപഭോക്താക്കളെ മാത്രമേ അവർക്ക് കിട്ടിയിട്ടുള്ളൂ. എൽ.എൻ.ജി. വിതരണം ചെയ്യുന്നതിനുള്ള പൈപ്പ്ലൈൻ പണി പൂർത്തിയാകാത്തതുകൊണ്ട് നിർദ്ദിഷ്ട പ്രകൃതി വാതക പദ്ധതി, കായംകുളം പദ്ധതി എന്നിവയ്ക്ക് അത് ഉപയോഗിക്കാൻ കഴിയാത്ത വിധത്തിലുള്ള പ്രതിസന്ധി നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ എഫ്.എ.സി.ടി.-യ്ക്കെങ്കിലും രക്ഷ കിട്ടത്തക്ക നിലയിലു ള്ള ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. എഫ്.എ.സി.ടി.-യുടെ സ്ഥിതി വലിയ കുഴപ്പത്തിലേക്ക് പോകുകയാണ്. കഴിഞ്ഞ 16 മാസക്കാല മായി കാപ്രോലാക്ടം പ്ലാന്റ് അടച്ചുകിടക്കുകയാണ്. എഫ്.എ.സി.ടി.-യുടെ വിറ്റുവരവിൽ 1,000 കോടിരൂപ സംഭാവന ചെയ്ത യൂണിറ്റാണ് കാപ്രോലാക്ടം പ്ലാന്റ്. മാത്രമല്ല ബി.ആർ.പി.എസ്.ഇ. ശുപാർശ ചെയ്ത

പാക്കേജിന് അംഗീകാരം കിട്ടുക എന്നത് ഇതിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. മറ്റൊരു സ്ഥാപനമായ എച്ച്.എം.ടി.–യിൽ നേരത്തേ 3000–ൽ അധികം തൊഴിലാളികൾ ജോലിചെയ്തിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 350 ജീവനക്കാർ മാത്രമായി കുറഞ്ഞു. എച്ച്.എം.ടി.–യിൽ ഏഷ്യയിലെ തന്നെ ഒന്നാം സ്ഥാനത്തുള്ള ഒരു ഫൗണ്ടറി നിലനിൽക്കുന്നു. പക്ഷേ എച്ച്.എം.ടി.–യുടെ ഉത്പന്നങ്ങൾക്ക് കമ്പോളത്തിൽ വലിയ തോതിൽ പിന്നോട്ടടി നേരിട്ടത് ഇറക്കുമതി ഉദാരവൽക്കരണത്തിന് ശേഷമാണ്. അതിനനുസരിച്ച് ടെക്നോളജി ഇംപ്രൂവ് ചെയ്ത് ഈ സ്ഥാപനത്തെ പുനരുദ്ധരിക്കാനുള്ള നടപടികളൊന്നും ഉണ്ടായില്ല. അവരുടെ ഭൂമി വിൽപ്പനയിലൂടെ സംഭരിച്ച തുക പോലും കളമശ്ശേരിയിലെ എച്ച്.എം.ടി.–യുടെ ഡെവലപ്മെന്റിന് ഉപയോഗിക്കപ്പെട്ടില്ല. വർഷങ്ങളായി തൊഴിലാളികളുടെ ശമ്പളപരിഷ്കരണം പോലും നടക്കുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് നല്ല ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു യൂണിറ്റാണ്. എന്നാൽ അവരുടെ ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന കോട്ടയിലെ യൂണിറ്റിന്റെ നഷ്ടം നികത്താൻ ഈ സ്ഥാപനത്തിന്റെ വരുമാനം മുഴുവൻ ഉപയോഗിക്കുന്നതിന്റെ ഫലമായി വലിയ തോതിൽ ലാഭം നേടിയിരുന്ന ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഇപ്പോൾ നഷ്ടത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. 2009-10–ൽ 100 കോടിരൂപയുടെ വിറ്റുവരവും 22 കോടിരൂപ ലാഭവുമുണ്ടായിരുന്നത് 2011-12 സാമ്പത്തിക വർഷത്തിൽ ലാഭം ഒരുകോടിരൂപയായി കുറഞ്ഞു. ഇപ്പോൾ കമ്പനിക്ക് ഓർഡറുകൾ സമയാസമയം ലഭിക്കാത്ത നിലയിലുള്ള ഗുരുതരമായ സ്ഥിതിയിലേക്ക് പോകുകയാണ്. ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസ് ല്മിറ്റഡിന്റെ പാലക്കാട്

യൂണിറ്റും ഗുരുതരമായ അവസ്ഥയിലാണ്. കേരളത്തിന്റെ അഭിമാനമായിരുന്നു ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. ന്യൂസ് പ്രിന്റിന്റെ ഇറക്കുമതി ഉദാരവൽക്കരിക്കപ്പെട്ടതിന്റെ ഫലമായി വിപണന രംഗത്തെ പ്രശ്നങ്ങൾമൂലം 2012-13-ൽ 18 കോടിരൂപയുടെ നഷ്ടത്തിലാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ന്യൂസ് പ്രിന്റിന് പുറമെ മറ്റ് പേപ്പറുകൾകൂടി ഉത്പാദിപ്പിക്കത്തക്ക നിലയിലുള്ള വൈവിധ്യവൽക്കരണം വേണമെന്ന ആവശ്യം ഉയർന്നിരുന്നു. പക്ഷേ ഒരു നടപടിയും ഉണ്ടായില്ല. കേന്ദ്ര ഗവൺമെന്റിന്റെ അടിന്തരമായ ഇടപെടൽ ഇല്ലെങ്കിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും വലിയ പ്രയാസത്തിലേക്ക് പോകും. ഇതുപോലെതന്നെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസും വലിയ പ്രതിസന്ധി നേരിടുകയാണ്. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ 2011-12-ലെ നഷ്ടം 78 കോടി രൂപയാണ്. അക്യൂമുലേറ്റഡ് ലോസ് 390 കോടിരൂപ കവിഞ്ഞു. അവിടത്തെ ഉത്പന്നങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യുന്നവയാണ്. ഫിനോൾ, അസെറ്റോൺ തുടങ്ങിയ കെമിക്കൽസ് വൻതോതിൽ ഇറക്കുമതിചെയ്യപ്പെടുന്നു എന്നുള്ളതാണ് നമ്മുടെ സ്ഥാപനത്തെ ഗുതുതരമായ അവസ്ഥയിലേക്ക് കൊണ്ടുപോയത്. പ്രവർത്തനം ആരംഭിച്ച് ആദ്യത്തെ 20 വർഷം വലിയ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ്. ഇതിനെ സംരക്ഷിക്കാനുള്ള ഒരു പാക്കേജിലേക്കാണ് ഗവൺമെന്റ് പോകേണ്ടത്. നമ്മുടെ ഷിപ്പ്യാർഡ് അന്തർദേശീയ പ്രശസ്തിയാർജ്ജിച്ച സ്ഥാപനമാണ്. 2014 ഡിസംബറിനു ശേഷം നിലവിൽ ഒരു ഓർഡറും ഇല്ലാത്ത അവസ്ഥയാണ്. ബിഡ്ഡിംഗിൽ പങ്കെടുക്കാനുള്ള അർഹതപോലും ഈ കമ്പനിക്ക് നിഷേധിച്ചു. പ്രതിരോധ

വകുപ്പിന്റെ പുതിയ പ്രവൃത്തികൾക്ക് ബിഡ് ചെയ്യാൻ കപ്പൽ നിർമ്മാണ ശാലയ്ക്ക് സാധിച്ചില്ല. അത് സ്വകാര്യ കമ്പനികൾക്ക് പോയി. ഇതിന്റെ ഫലമായി കൊച്ചി കപ്പൽ നിർമ്മാണശാല വലിയ ഭീഷണിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും വലിയ സ്ഥാനമുള്ള കേന്ദ്രപൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനം ആരംഭിച്ചതോടുകൂടി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നിലനിൽപ്പുതന്നെ ഇപ്പോൾ അപകടത്തിലാണ്. ഡ്രെഡ്ജിംഗിന്റെ മുഴുവൻ ഉത്തരവാദിത്തവും ഭാരവും തുറമുഖത്തിന്റെ തലയിൽ വന്നത് താങ്ങാനാവാത്ത അവസ്ഥയാണ്. ഡി.പി. വേൾഡുമായിട്ടുള്ള എഗ്രിമെന്റ് പുന:പരിശോധിച്ച് കൊച്ചി തുറമുഖത്തിന്റെ നിലനിൽപ്പിനാവശ്യമായ നടപടികൾ കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.-യുടെ പ്രവർത്തനം വളരെ അവതാളത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അക്കാര്യത്തെക്കുറിച്ച് അറിയാവുന്നതാണ്. അവരുടെ മൈനിംഗ് അവതാളത്തിലായതിന്റെ ഫലമായി കേരളത്തിലെ വ്യവസായങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾ ഗൗരവമായെടുത്ത് സംസ്ഥാനത്തിന്റെ പ്രശ്നം എന്ന നിലയിൽ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാൻ നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികളെയും വിവിധ സാഹചര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളെ

ക്കുറിച്ചുമാണ് ഉന്നയിച്ചത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പഴയ കേന്ദ്രപൊതുമേഖലാ സ്ഥാപനമാണ് എഫ്.എ.സി.ടി. എഫ്.എ.സി.ടി.-യുടെ പ്ലാന്റുകൾ ഉയർന്ന വിലയുള്ള ദ്രവീകൃത പ്രകൃതിവാതകത്തിലേക്ക് മാറിയതും ഉയർന്ന വിലയ്ക്ക് പുറമെ മൂല്യവർദ്ധിത നികുതി നൽകേണ്ടി വരുന്നതുമെല്ലാം അവരുടെ ഭാരം വളരെയധികം വർദ്ധിപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്. എച്ച്.എം.ടി. കളമശ്ശേരി യൂണിറ്റിലെ 85 ശതമാനം ഓർഡറുകളും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുമാണ് ലഭിക്കുന്നത്. പക്ഷേ ഈ സ്ഥാപനങ്ങളിൽ നിന്നും അവർക്ക് അഡ്വാൻസ് കിട്ടുന്നില്ല. അതുകൊണ്ട് സാമ്പത്തികമായ പ്രതിസന്ധിയുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡിന് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ആവശ്യമായിട്ടുള്ള ഓർഡർ ലഭിക്കുന്നില്ല. ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ ഉയർത്തുന്ന സമരങ്ങളും അതുപോലെതന്നെ ഭൂമിയുടെ വില സംബന്ധിച്ചുള്ള തർക്കവും കമ്പനിക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് കുറേയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഇന്ത്യയിൽ പുതുതായി ആറു സ്ഥലത്തായി ആറു യൂണിറ്റുകളും ഏഴായിരം തൊഴിലാളികളും ഉള്ള ഒരു സ്ഥാപനമാണ്. നല്ല യൂണിറ്റാണ്, നല്ല ലാഭത്തിലുമാണ്. പക്ഷേ ഇന്ത്യയിലെ മറ്റുള്ള യൂണിറ്റുകളുമായി ലിങ്ക് ചെയ്യുമ്പോൾ മറ്റു യൂണിറ്റുകളൊക്കെ നഷ്ടത്തിലാണ്. ആ നഷ്ടം പാലക്കാട് പ്രവർത്തിക്കുന്ന ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസിനെയും ദോഷകരമായി ബാധിക്കുകയാണ്. കൊച്ചിൻ തുറമുഖം, വലിയ പ്രതീക്ഷയോടെയാണ് വല്ലാർപാടം

ഇന്റർനാഷണൽ ട്രാൻഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ കമ്മീഷൻ ചെയ്തത്. ഒരു മില്ല്യൺ കപ്പാസിറ്റി ഉണ്ടെങ്കിലും 35 ശതമാനം മാത്രമേ വർക്ക് നടക്കുന്നുള്ളു. അവിടെ കപ്പൽ അടുപ്പിക്കാൻ ആഴം നിലനിർത്തുന്നതിനുള്ള ഡ്രെഡ്ജിംഗ് വർഷംതോറും നടത്തേണ്ടി വരുന്നു. അത് വലിയ ഒരു ബാദ്ധ്യതയാണ്. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിൽ അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ്. അതിന്റെ പ്രവർത്തനങ്ങൾപോലും നിലച്ചിരിക്കുന്ന ഒരു സാഹചര്യമാണ്. അവിടത്തെ ഉത്പന്നങ്ങളായ ഫിനോളിന്റെയും അസെറ്റോണിന്റേയും ആന്റി ഡമ്പിംഗ് ഡ്യൂട്ടി കേന്ദ്ര സർക്കാർ പിൻവലിച്ചതിനുശേഷം ഇറക്കുമതി സുലഭമാകുകയും തുടർന്ന് കമ്പനി നഷ്ടത്തിലാകുകയും ഇപ്പോൾ കമ്പനിക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ വാങ്ങാൻപോലും ബുദ്ധിമുട്ടുന്ന സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് ഇപ്പോൾ ഓർഡർ ലഭിക്കുന്നത് വളരെ കുറവാണ്. അതുപോലെതന്നെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിൽ, സംസ്ഥാന ഗവൺമെന്റ് നൽകുന്ന റോ മെറ്റീരിയൽസിന്റെ വില വർദ്ധിപ്പിക്കരുത് എന്നുള്ളതാണ് അവരുടെ ഒരാവശ്യം. വില കൂട്ടാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. എന്നാലും അവരും ബുദ്ധിമുട്ടുകൾ നേരിടുകയാണ്. അങ്ങനെ പല സാഹചര്യങ്ങളിൽ ഈ യൂണിറ്റുകളിലെല്ലാം ഗുരുതരമായ സ്ഥിതിയാണ് നേരിടുന്നത്. അതിന് പരിഹാരമുണ്ടാക്കാൻ കേന്ദ്രവകുപ്പുകളുമായി ബന്ധപ്പെട്ട് പരമാവധി തീരുമാനമെടുക്കാൻ ശ്രമിക്കും. സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട മാക്സിമം സപ്പോർട്ട് കൊടുക്കാൻ തയ്യാറാണ് എന്നുകൂടി വ്യക്തമാക്കാൻ ഈയവസരം വിനിയോഗിക്കുന്നു. മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം

ഉൾക്കൊണ്ടുകൊണ്ടുതന്നെ സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എളമരം കരീം: സർ, ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നുവെന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. ഒന്ന്, കേരള ഗവൺമെന്റിന് ഇപ്പോൾ ചെയ്യാൻ കഴിയുന്ന ഒരു കാര്യം എൽ.എൻ.ജി. –യുടെ വാറ്റ് നികുതിയുടെ കാര്യത്തിൽ ഒരു മാറ്റം വരുത്തുകയെന്നുള്ളതാണ്. അത് ചെയ്യാൻ കഴിയും. മറ്റൊന്ന്, വ്യത്യസ്ത പ്രശ്നങ്ങളാണ് ഓരോ സ്ഥാപനത്തിലുമുള്ളത്. നമ്മുടെ കേന്ദ്ര ട്രേഡ് യൂണിയനുകളെല്ലാം ഈ വിഷയത്തിൽ ഒരുമിച്ച് നിൽക്കുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എഫ്.എ.സി.ടി.–യുടെ മുമ്പിൽ അനിശ്ചിതകാല സമരം നടക്കുകയാണ്. ട്രേഡ് യൂണിയനുകളെ കൂടി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് പരിഹാരത്തിനുള്ള ഒരു നിർദ്ദേശമുണ്ടാക്കി, അത് സ്റ്റേറ്റിന്റെ നിർദ്ദേശമായി കേന്ദ്രഗവൺമെന്റിന്റെ മുമ്പിലേക്ക് കൊണ്ടുപോകാൻ ഒരു നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും അതിനുള്ള നടപടി സ്വീകരിക്കാം. അങ്ങ് ഒമ്പത് സ്ഥാപനങ്ങളുടെ കാര്യം പറഞ്ഞു. ഒമ്പത് സ്ഥാപനങ്ങളിലെയും ജീവനക്കാരെയും ട്രേഡ് യൂണിയനുകളെയും വിളിച്ചാൽ പലർക്കും പല പ്രശ്നങ്ങളും പല സാഹചര്യങ്ങളുമാണ്. അത് എത്രമാത്രം പ്രയോജനകരമാകും എന്നെനിക്ക് തോന്നുന്നില്ല. ഏതായാലും അതിന് അവരുടെകൂടി അഭിപ്രായങ്ങൾ അറിഞ്ഞുകൊണ്ടൊരു തീരുമാനം ഉണ്ടാക്കുന്നതിന് പരമാവധി ശ്രമിക്കാം. എൽ.എൻ.ജി.–യിലെ പ്രശ്നത്തെക്കുറിച്ച് ഒന്നാലോചിക്കേണ്ട സംഗതിയാണ്. അത് പരിശോധിക്കാം.

(സബ്മിഷൻ)